കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി. എ. വർദ്ധിപ്പിക്കാൻ നടപടി

92 [2961] ശ്രീ. ഷിബു ബേബി ജോൺ:
,, ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ:
,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ഡി.എ. എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതും സംസ്ഥാന ജീവനക്കാരുടെ ഡി.എ.യും തമ്മിലുള്ള അന്തരം എത്രയാണ്;

(സി) ജീവനക്കാർക്ക് പുതുതായി ഡി.എ. അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇപ്പോൾ 37% ഡി.എ. ആണ് നൽകിവരുന്നത്.

(ബി) ഇതും സംസ്ഥാന ജീവനക്കാരുടെ ഡി.എ. യും തമ്മിൽ 22%-ന്റെ അന്തരം ഉണ്ട്.

(സി) സാമ്പത്തികനില കണക്കിലെടുത്ത് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിൽ വോളിബോൾ ടീം പുനഃസ്ഥാപിക്കാൻ നടപടി

93 [2962] ശ്രീ. ജോണി നെല്ലൂർ:
,, കെ. ബി. ഗണേഷ്കുമാർ:
,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വോളിബോൾ ടീം ഉണ്ടായിരുന്നോ എന്നു വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഈ ടീം പ്രവർത്തിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ടീമിൽ എത്ര അംഗങ്ങൾ ഉണ്ടായിരുന്നു; ഇവർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർ ഇപ്പോൾ സർവ്വീസിൽ ഏത് തസ്തികകളിൽ ജോലി ചെയ്യുന്നു;

(ഇ) ഈ ടീമിനെ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, കെ.എസ്. ആർ.ടി.സി.-ക്കുവേണ്ടി മത്സരത്തിൽ പങ്കെടുപ്പിക്കുന്നതിനായി ടീം പുനഃ സ്ഥാപിക്കുവാനും എന്തെങ്കിലും സാങ്കേതികതടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ വോളിബോൾ ടീം ഉണ്ടായിരുന്നു.

(ബി) ഇപ്പോൾ ഈ ടീം നിലവിലില്ല.

(സി, ഡി) ടീമിൽ 8 അംഗങ്ങൾ ഉണ്ടായിരുന്നു.

1. വി. കെ. ജയകുമാരൻ നായർ, (സെലക്ഷൻ ഗ്രേഡ് ക്ലാർക്ക്)
2. എസ്. മനോഹരൻ, (,,)
3. മനീഷ് പി. ജോണി, (കണ്ടക്ടർ ഗ്രേഡ് II)
4. അനിൽകുമാർ, എം., (,,)
5. മനോജ്, ആർ. സി. (,,)
6. ജയകൃഷ്ണൻ, ആർ. (ടയർ ഇൻസ്പെക്ടർ)
7. സുധാകരൻ, ഇ. ജി. (കണ്ടക്ടർ ഗ്രേഡ് II)
8. സുജീഷ്, പി. (,,)

(ഇ, എഫ്) ഇപ്പോൾ ടീം നിലവിലില്ല. കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക പ്രതിസന്ധി മാറുന്നതനുസരിച്ച് ഈ ടീം പുനഃ സ്ഥാപിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ പെട്രോൾ പമ്പുകളിൽനിന്ന് മോട്ടോർ വാഹന വകുപ്പിന് ഡീസൽ ഇനത്തിൽ ലഭിക്കേണ്ട തുക

94 [2963] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, കെ. എ. ചന്ദ്രൻ:
,, വി. ഡി. സതീശൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പെട്രോൾ പമ്പുകളിൽനിന്ന് മോട്ടോർ വാഹന വകുപ്പിന് ഡീസൽ നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ;

(സി) ഇതുവരെ എത്ര ലിറ്റർ ഡീസൽ, പെട്രോൾ, ഓയിൽ എന്നിവ മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾക്ക് കെ.എസ്.ആർ.ടി.സി.-യുടെ പമ്പുകളിൽനിന്നും നൽകുകയുണ്ടായി;

(ഡി) ഇതിന്റെ വില എത്രവരും; ഈ ഇനത്തിൽ എന്തു തുക ഇതുവരെ ലഭിച്ചു;

(ഇ) ബാക്കി തുക വാങ്ങാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly